പതിനാലാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 1607

31-01-2018 ൽ മറുപടിക്ക്

## പുഞ്ചകൃഷിക്കുള്ള പമ്പിംഗ് സബ്സിഡി

ചോദ്യം
ശ്രീ. മോൻസ് ജോസഫ്

മറുപടി
ശ്രീ.വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് 2015-2016 വർഷത്തെ പുഞ്ചകൃഷിക്കുള്ള പമ്പിംഗ് സബ്സിഡി കൊടുത്തു തീർത്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (എ) | ആലപ്പുഴ ജില്ലയിൽ 31-03-2017 വരെ 'ബി' ഫാറം സമർപ്പിച്ച എല്ലാ കേസുകളിലും (തർക്കമുള്ള കേസുകളും, മുൻ കൃഷി സംബന്ധിച്ച് സ്പഷ്ടീകരണം ആവശ്യമുള്ള കേസുകളും ഒഴികെ) പമ്പിംഗ് സബ്സിഡി വിതരണം ചെയ്തിട്ടുണ്ട്. കോട്ടയം ജില്ലയിൽ 2015-2016 സാമ്പത്തിക വർഷത്തിൽ ആകെ 2,29,42,502/- രൂപ കർഷകർക്ക് നൽകാനുള്ളതിൽ 1,42,99,957/- രൂപ അനുവദിച്ചിട്ടുണ്ട്. ബാക്കി തുക അലോട്ട്മെന്റ് ലഭ്യമാകുന്ന മുറയ്ക്ക് നൽകുന്നതാണ്. തൃശ്ശൂർ ജില്ലയിൽ 29-11-2017 ന് അലോട്ട്മെന്റ് ലഭിച്ചെങ്കിലും മുൻ വർഷങ്ങളിൽ കൊടുത്ത സബ്സിഡിക്കുള്ള അക്വിറ്റൻസ്, പടവ് ഭാരവാഹികൾ ഹാജരാക്കാത്തതുകൊണ്ടും 2015-16 വർഷത്തേക്കുള്ള കരാർ തയ്യാറാക്കി നൽകാത്തതുകൊണ്ടും സബ്സിഡി നൽകുവാൻ സാധിച്ചിട്ടില്ല. ആയത് ലഭിക്കുന്ന മുറയ്ക്ക് 2015-16 വർഷത്തേക്കുള്ള സബ്സിഡി മുഴുവനായും ഈ സാമ്പത്തിക വർഷത്തിൽ തന്നെ കൊടുത്തു തീർക്കുന്നതാണ്. |
| (ബി) | കോട്ടയം ജില്ലയിൽ എത്ര പാടശേഖരങ്ങൾക്ക് പമ്പിംഗ് സബ്സിഡി കൊടുത്തു തീർക്കുവാനുണ്ട്; ഇവ എന്നത്തേക്ക് കൊടുത്തു തീർക്കുവാൻ കഴിയും എന്നറിയിക്കാമോ; | (ബി) | കോട്ടയം ജില്ലയിൽ നാളിതുവരെ ലഭിച്ചിട്ടുള്ള 287 പാടശേഖരങ്ങളുടെ അപേക്ഷകൾക്ക് പമ്പിംഗ് സബ്സിഡി കൊടുത്തു തീർക്കുവാനുണ്ട്. റവന്യൂവകുപ്പിൽ നിന്നും അലോട്ട്മെന്റ് ലഭ്യമാകുന്ന മുറയ്ക്ക് കൊടുത്തു തീർക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | 2015-2016 വർഷത്തെ പമ്പിംഗ് സബ്സിഡി നൽകണമെന്ന് കാണിച്ച് നാമംകരി പാടശേഖര ഗ്രൂപ്പ് കൺവീനർ ശ്രീ. N.K രാജൻ ബഹു.റവന്യൂ വകുപ്പ് മന്ത്രിക്ക് നൽകിയ പരാതി (Rev-P1421/2017) കൃഷി വകുപ്പിലേക്ക് കൈമാറിയതിന്റെ പുരോഗതി വ്യക്തമാക്കാമോ? | (സി) | വൈക്കം താലൂക്കിൽ മാഞ്ഞൂർ വില്ലേജിൽപ്പെട്ട നാമംകരി വള്ളക്കണ്ടംകരി പാടശേഖരം 1191-ാം മാണ്ട് പുഞ്ചകൃഷി നടത്തിയിട്ടുള്ളതും പമ്പിംഗ് സബ്സിഡി ലഭിക്കുന്നതിനുള്ള ബി ഫാറം 13-2-17 ന കോട്ടയം പുഞ്ച സ്പെഷ്യൽ ഓഫീസർക്ക് നൽകിയിട്ടുള്ളതുമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ 18-2-17 ന 28411/- രൂപയുടെ പമ്പിംഗ് സബ്സിഡി ക്ലെയിം പാസ്സാക്കിയിട്ടുണ്ട്. പമ്പിംഗ് സബ്സിഡിക്കായുള്ള ക്ലെയിം സീനിയോറിറ്റി അടിസ്ഥാനത്തിലാണ് വിതരണം ചെയ്യുന്നത്. നിലവിൽ കോട്ടയം പുഞ്ച സ്പെഷ്യൽ ഓഫീസർ 18-1-17 വരെയുള്ള (ക്രമ നമ്പർ 494) ക്ലെയിമുകൾക്കാണ് പമ്പിംഗ് സബ്സിഡി അനുവദിച്ചിട്ടുള്ളത്. നാമംകരി വള്ളക്കണ്ടംകരി പാടശേഖരത്തിന്റെ ക്ലെയിം 13-2-17 ൽ 515 നമ്പരായാണ് കോട്ടയം പുഞ്ച സ്പെഷ്യൽ ഓഫീസറുടെ കാര്യാലയത്തിൽ ലഭിച്ചിരിക്കുന്നത്. 2017-18 ൽ പമ്പിംഗ് സബ്സിഡി അനുവദിക്കുന്നതിനായി 3,03,99,957/- രൂപ ലഭിച്ചതിൽ 3,03,96,335/- രൂപ 18-1-17 വരെയുള്ള (ക്രമ നമ്പർ 494 വരെയുള്ള) ക്ലെയിമുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ